## (46.) മണ്ണാരകുളഞ്ഞി സെന്റ് ജോൺ ക്രിസോസ്റ്റം മലങ്കര കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

1933-ൽ പെരിയ ബഹുമാനപ്പെട്ട എ.ജി.ഏബ്രഹാം തെങ്ങുംതറമേടയിൽ (മൈലപ്രാ അച്ചൻ) അച്ചന്റെ നേതൃത്വത്തിൽ ഈ ഇടവക സ്ഥാപിതമായി. ഈ നാട്ടിലെ ഏഴ് കുടുംബങ്ങിലെ പ്രധാനികൾ അദ്ദേഹത്തോടൊപ്പം ചേർന്ന് പ്രവർത്തനം ആരംഭിച്ചു. അവരുടെ പേരുവിവരങ്ങൾ:-

1. കാലായിൽ മത്തായിച്ചൻ
2. കണ്ണൻമണ്ണിൽ മത്തായിച്ചൻ
3. ചിറകടവിൽ മത്തായിച്ചൻ
4. ചിറ്റയ്ക്കാട്ട് ഇടികുള തോമസ്
5. മത്തപുരയിടത്തിൽ ഇട്ടി
6. മണിപ്പറമ്പിൽ ഗീവർഗീസ്
7. ഇളവുംമഠത്തിൽ ഗീവർഗീസ്

1935-ൽ ഗീവർഗീസ് ചരുവിലേത്ത് അച്ചൻ ഈ ഇടവകയുടെ ചുമതല ഏൽക്കുകയും 1956 വരെ വികാരിയായി തുടരുകയും ചെയ്തു. തുടർന്ന് വികാരിയായി ചുമതലയേറ്റ തോമസ് കരീലച്ചൻ ഇപ്പോൾ കാണുന്ന ദേവാലയിന്റെ പണി പൂർത്തിയാക്കി. ഭാഗ്യസ്മരണാർഹനായ മാർ ഗ്രീഗോറിയോസ് പിതാവ് കൂദാശ നടത്തുകയും ചെയ്തു. 1965-ൽ ജോസഫ് താഴത്തുവീട്ടിലച്ചൻ വികാരിയായിരിക്കുമ്പോഴാണ് പള്ളിമേട (വൈദീക മന്ദിരം) നിർമ്മിക്കുകയും വികാരിമാർ ഇവിടെ തമസം ആരംഭിക്കുകയും ചെയ്തു.

ഈ ഇടവകയുടെ ആരംഭം മുതൽ ഇവിടെ പ്രവർത്തനം ആരംഭിച്ച എം.എസ്.സി.എൽ.പി. സ്കൂൾ, ഈ നാട്ടിലെ ഏക വിദ്യാലയമായി ഇന്നും പരിലസിക്കുന്നു. സ്കൂൾ അങ്കണത്തോട് ചേർന്ന് 1978-ൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ഒരു കൊച്ചുകുരിശടി സ്ഥാപിതമായി. ജോസഫ് കളവിള അച്ചൻ വികാരിയായിരുന്ന കാലത്ത് 1997-ൽ പണി ആരംഭിച്ച ഹോളിമാതാ പാരീഷ്ഹാൾ 1998-ൽ പൂർത്തിയാക്കുകയും ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസേലിയോസ് പിതാവ് കൂദാശ ചെയ്ത് ഇടവകയ്ക്കും നാടിനുമായി സമർപ്പിച്ചു. 2001 മുതൽ ഈ ഇടവകയുടെ വികാരിയായി സേവനം ചെയ്ത ആന്റോ കണ്ണംകുളം അച്ചന്റെ നേതൃത്വത്തിൽ ദേവാലയം പുനരുദ്ധരീകരിച്ച് കൂടുതൽ മനോഹരമാക്കി.

തോമസ് മരോട്ടിമൂട്ടിലച്ചൻ ശുശ്രൂഷ ചെയ്ത കാലത്ത് 2008-ൽ ഇടവക ജനങ്ങളുടെ ചിരകാലാഭിലാഷമായിരുന്ന പള്ളിയിലേക്കുള്ള വഴിക്ക് സ്ഥലം വാങ്ങുകയും റോഡ് നിർമ്മിക്കുകയും ചെയ്തു. മണ്ണാരകുളഞ്ഞി ജംഗ്ഷനിൽ (ആശുപത്രി ജംഗ്ഷൻ) കളീയ്ക്കൽ കെ.വി. ഉമ്മൻ ദാനമായി നൽകിയ സ്ഥലത്ത് തോമസ് മരോട്ടിമൂട്ടിൽ അച്ചൻ പണി ആരംഭിച്ച പരിശുദ്ധ വേളാങ്കണ്ണി മാതാവിന്റെ നാമത്തിലുള്ള കുരിശടി 2011-ൽ പണി പൂർത്തിയാക്കി. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് കൂദാശ ചെയ്ത് നാടിന് സമർപ്പിച്ചു.

2015-ൽ വർഗീസ് വിളയിലച്ചൻ വികാരിയായിരിക്കുമ്പോൾ പള്ളിക്ക് സമീപ് സെന്റ് ജൂഡ് കുരിശടി പുതുക്കി പണിയുകയും അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് കൂദാശ നടത്തുകയും ചെയ്തു. 1965-ൽ സ്ഥാപിച്ച പള്ളിമേട (വൈദീക മന്ദിരം) ശോചനീയവസ്ഥയിലായതിനാൽ 2015-ൽ പുതിയ വൈദീക മന്ദിരിന്റെ നിർമ്മാണം വർഗീസ് വിളയിലച്ചൻ ആരംഭിക്കുകയും 2016 മെയ് മാസത്തിൽ പൂർത്തിയാക്കുകയും അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് കൂദാശ ചെയ്ത് വാസയോഗ്യമാക്കുകയും ചെയ്തു.

ഇപ്പോൾ ഈ ഇടവകയിൽ 75 കുടുംബങ്ങൾ ഉണ്ട്. ഈ ഇടവകയിൽ നിന്നുള്ള ദൈവവിളികൾ:-

1. ഫാ. ഫിലിപ്പ് കളീയ്ക്കൽ

2. ഫാ. സാന്റോ കാലായിൽ

3. ഫാ. ലിബിൻ മണിപ്പറമ്പിൽ ഒ.ഐ.സി

4. സി. സീറ്റ ഇളവുംമഠത്തിൽ എസ്.ഐ.സി.

5. സി. ഒലിവിയ പറപ്പള്ളിൽ എസ്.ഐ.സി. എന്നിവർ സഭയുടെ വിവിധ മേഖലകളിൽ സുസ്ത്യാർഹമായ സേവനം ചെയ്യുന്നു.

**മണ്ണാരകുളഞ്ഞി ഇടവകയിൽ സേവനം ചെയ്ത വൈദികർ**

| | | |
|---|---|---|
| 1. ഫാ. എ.ജി.ഏബ്രഹാം തെങ്ങുംതറമേടയിൽ | - | 1933-1935 |
| 2. ഫാ. ഗീവർഗീസ് ചരുവിലേത്ത് | - | 1935-1956 |
| 3. ഫാ. തോമസ് കരിയിൽ | - | 1956-1961 |
| 4. ഫാ. സഖറിയാസ് ചങ്ങംകരി | - | 1961-1963 |
| 5. ഫാ. ജോസഫ് താഴുവീട്ടിൽ | - | 1963-1968 |
| 6. ഫാ. വർഗീസ് മാവേലിൽ | - | 1968-1970 |
| 7. ഫാ. ജോർജ്ജ് ജോൺ (അസി.) | - | 1968-1970 |
| 8. ഫാ. ഗീവർഗീസ് മണ്ണിക്കരോട്ട് | - | 1970 |
| 9. ഫാ. മാത്യു കയ്യാലയ്ക്കൽ (അസി.) | - | 1970-1973 |
| 10. ഫാ. ജോസഫ് കിഴക്കേക്കര | - | 1971-1972 |
| 11. ഫാ. ജോസഫ് പുത്തൻപുര | - | 1972-1974 |
| 12. ഫാ. വർഗീസ് ചരുവിള | - | 1974-1977 |
| 13. ഫാ. സ്റ്റീഫൻ മാത്യു | - | 1978-1981 |
| 14. ഫാ. മാത്യു വാഴപ്പിള്ളേത്ത് | - | 1981 |
| 15. ഫാ. ചെറിയാൻ മായിക്കൽ | - | 1981-1983 |
| 16. ഫാ. ജോഷ്വാ പീടികയിൽ | - | 1983-1986 |
| 17. ഫാ. തോമസ് പൊന്മേലിൽ | - | 1986-1988 |
| 18. ഫാ. ജോൺ പ്ലാവിള | - | 1988-1991 |
| 19. ഫാ. ജോസഫ് വടക്കേക്കൂറ്റ് | - | 1991-1992 |
| 20. ഫാ. സഖറിയാസ് നെടിയകാലായിൽ | - | 1992-1994 |
| 21. ഫാ. ഡാനിയേൽ കുളങ്ങര (അസി.) | - | 1993-1994 |
| 22. ഫാ. ജോൺസൻ പുതുവേലിൽ | - | 1994-1995 |
| 23. ഫാ. ജോസഫ് കളവിള | - | 1995-2001 |

| | | |
|---|---|---|
| 24. ഫാ. ജയിംസ് ഇലഞ്ഞിക്കൽ | - | 2001 |
| 25. ഫാ. മാത്യു ആന്റോ കണ്ണംകുളം | - | 2001 - 2007 |
| 26. ഫാ. തോമസ് മരോട്ടിമൂട്ടിൽ | - | 2007 - 2010 |
| 27. ഫാ. ജൂബി കുഴിനാപ്പുറത്ത് | - | 2010 - 2012 |
| 28. ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ | - | 2012 - 2013 |
| 29. ഫാ. അലക്സണ്ടർ കല്ലുകാലായിൽ | - | 2013 - 2014 |
| 30. ഫാ. വർഗീസ് വിളയിൽ | - | 2014 - 2016 |
| 31. ഫാ. മാത്യു കയ്യാലയ്ക്കൽ | - | 2016 |